(ബി) പ്രസ്തുത കേന്ദ്രങ്ങളിലെ പരീക്ഷാ നടത്തിപ്പിന് നിലവിൽ അവലംബിക്കുന്ന രീതികൾ എന്തെല്ലാമാണെന്നും പരീക്ഷ നടത്തിപ്പിന്റെ മേൽനോട്ടം ആർക്കെല്ലാമാണെന്നും വിശദമാക്കാമോ;

(സി) ഗൾഫ് രാജ്യങ്ങളിലെ ഈ പരീക്ഷാ കേന്ദ്രങ്ങളിൽ നടക്കുന്ന വ്യാപകമായ ക്രമക്കേടുകളെക്കുറിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ വളരെ പ്രധാനപ്പെട്ട ഒരു യോഗ്യതാ പരീക്ഷയെന്ന നിലയിൽ ക്രമക്കേടുകൾ കൂടാതെ നടത്തിപ്പിനായി വിദേശകാര്യ വകുപ്പിന്റെ പൂർണ്ണമായ മേൽനോട്ടം ലഭ്യമാക്കുന്ന കാര്യം ഗൗരവമായി പരിഗണിക്കുമോ?

ഉത്തരം

(എ) യു.എ.ഇ., ഖത്തർ, സുൽത്താനേറ്റ് ഓഫ് ഒമാൻ എന്നീ ഗൾഫ് രാജ്യങ്ങളിലാണ് സെന്ററുകൾ അനുവദിച്ചിട്ടുള്ളത്.

(ബി) ചോദ്യപ്പേപ്പർ വിതരണം, ഉത്തരക്കടലാസ് ശേഖരണം എന്നിവ വിദേശകാര്യ മന്ത്രാലയം വഴിയാണ് നടത്തുന്നത്. പരീക്ഷാ നടത്തിപ്പിനായി 16 ഡെപ്യൂട്ടി സൂപ്രണ്ടുമാരെ സെന്ററുകളിലേക്ക് നിയോഗിക്കാറുണ്ട്. പരീക്ഷയ്ക്കു മുമ്പായി സൗകര്യങ്ങൾ വിലയിരുത്തുന്നതിനായി പരീക്ഷാ സെക്രട്ടറിയും. പരീക്ഷാ സമയത്ത് പരീക്ഷാ ജോയിന്റ് കമ്മീഷണറും സ്കൂളുകളിൽ പരിശോധന നടത്താറുണ്ട്.

(സി) ഇല്ല.

(ഡി) ഗൾഫ് രാജ്യങ്ങളിലെ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഇപ്പോൾതന്നെ വിദേശകാര്യ വകുപ്പിന്റെ വേണ്ടത്ര മേൽനോട്ടവും നിയന്ത്രണവും ഉള്ളതുകൊണ്ട് ചോദ്യം ഉദിക്കുന്നില്ല.

ഹയർ സെക്കണ്ടറി ഹിന്ദി ടീച്ചർ തസ്തിക പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി

44 [2261] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി ടീച്ചർ ഹിന്ദി (സീനിയർ) വിഭാഗത്തിൽ സംസ്ഥാനത്ത് നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര;

(സി) ഇല്ലെങ്കിൽ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഹയർ സെക്കണ്ടറി ടീച്ചർ ഹിന്ദി (ജൂനിയർ) വിഭാഗത്തിൽ സംസ്ഥാനത്ത് ആകെ എത്ര ഒഴിവുകളാണുള്ളത്; ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?

ഉത്തരം

(എ) ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിലവിൽ ഒഴിവുകളൊന്നുമില്ല.

(ബി ആന്റ് സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) 20-9-2001 വരെയുള്ള 155 വേക്കൻസികൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് എലിജിബിലിറ്റി ടെസ്റ്റ് ഒഴിവാക്കാൻ നടപടി

45 [2262] ശ്രീ. തോമസ് ഉണ്ണിയാടൻ:
" സ്റ്റീഫൻ ജോർജ്:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയിഡഡ് ഹൈസ്കൂളുകളിൽ സേവനം ചെയ്യുന്ന നിശ്ചിത വിദ്യാഭ്യാസ യോഗ്യതയുള്ള അദ്ധ്യാപകർക്ക് ഹയർ സെക്കണ്ടറി അദ്ധ്യാപകരായി ഉദ്യോഗക്കയറ്റം നൽകുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ബി) 10 വർഷമോ അതിലധികമോ സർവ്വീസുള്ള ഹൈസ്കൂൾ അദ്ധ്യാപകരെ ഹയർ സെക്കണ്ടറി അദ്ധ്യാപകരായി നിയമിക്കുമ്പോൾ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് പാസ്സായിരിക്കണം എന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) എയിഡഡ് ഹൈസ്കൂളുകളിൽ സേവനം ചെയ്യുന്ന നിശ്ചിത വിദ്യാഭ്യാസ യോഗ്യതയുള്ള അദ്ധ്യാപകർക്ക് ഹയർ സെക്കണ്ടറി അദ്ധ്യാപകരായി ഉദ്യോഗക്കയറ്റം ലഭിക്കുന്നതിന് ഓരോ സ്കൂളിലും അനുവദിച്ചിട്ടുള്ള തസ്തികകളിൽ 25% ഉദ്യോഗക്കയറ്റം വഴി നൽകണമെന്ന് വ്യവസ്ഥ നിലവിലുണ്ട്.

(ബി) 4-2-2005-ലെ ജി.ഒ.(പി) 36/05/പൊ.വി.വ. ഉത്തരവ് പ്രകാരം കേരള ഹയർ സെക്കണ്ടറി സബോർഡിനേറ്റ് സർവ്വീസ് നിയമം ഭേദഗതി ചെയ്യുകയുണ്ടായി. പ്രസ്തുത ഭേദഗതിയിൽ 10 വർഷം ഹൈസ്കൂൾ തലത്തിൽ അംഗീകൃത ടീച്ചിംഗ് സർവ്വീസ് ഉള്ള അദ്ധ്യാപകരെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് പാസ്സാകുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly